**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3034** **04-08-2021 - ൽ മറുപടിയ്ക്ക്**

**മന്ത്രിമാരുടെ വിദേശയാത്രകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷക്കാലം മന്ത്രിമാർ നടത്തിയ വിദേശയാത്രകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത യാത്രകൾ ഓരോന്നിന്റെയും ഉദ്ദേശ്യവും ലക്ഷ്യവും എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഓരോ യാത്രയ്ക്കും ചെലവായ തുക എത്ര വീതമാണ്; | (എ) | കഴിഞ്ഞ അഞ്ച് വർഷക്കാലം മന്ത്രിമാർ നടത്തിയ വിദേശയാത്രകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. പ്രസ്തുത യാത്രകൾ കൊണ്ട് സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ അനുബന്ധം-2 ആയും ചെലവ് സംബന്ധിച്ച് സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-3 ആയും ചേർക്കുന്നു. 24.11.2019 മുതൽ 04.12.2019 വരെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ജപ്പാൻ, കൊറിയ സന്ദർശനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് 81,302/- രൂപയും വ്യവസായ വകുപ്പ് മന്ത്രിക്ക് 77,220/- രൂപയും ഗതാഗത വകുപ്പ് മന്ത്രിക്ക് 72,000/- രൂപയും ദിനബത്തയിനത്തിൽ അനുവദിച്ച് നൽകിയിരുന്നു. |
| (ബി) | പ്രസ്തുത യാത്രകളിൽ മന്ത്രിമാർക്ക് യാത്രപ്പടി അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ മന്ത്രിയും ഓരോ യാത്രയ്ക്കും കൈപ്പറ്റിയ യാത്രപ്പടി എത്രവീതമാണെന്ന് വ്യക്തമാക്കാമോ? | (ബി) | കഴിഞ്ഞ അഞ്ച് വർഷക്കാലം മന്ത്രിമാർ നടത്തിയ വിദേശയാത്രകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. പ്രസ്തുത യാത്രകൾ കൊണ്ട് സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ അനുബന്ധം-2 ആയും ചെലവ് സംബന്ധിച്ച് സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-3 ആയും ചേർക്കുന്നു. 24.11.2019 മുതൽ 04.12.2019 വരെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ജപ്പാൻ, കൊറിയ സന്ദർശനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് 81,302/- രൂപയും വ്യവസായ വകുപ്പ് മന്ത്രിക്ക് 77,220/- രൂപയും ഗതാഗത വകുപ്പ് മന്ത്രിക്ക് 72,000/- രൂപയും ദിനബത്തയിനത്തിൽ അനുവദിച്ച് നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3034-ന്റെ മറുപടിക്ക് അനുബന്ധം

## മന്ത്രിമാരുടെ വിദേശയാത്രകൾ

| ക്രമ നമ്പർ | വിദേശരാജ്യം സന്ദർശിച്ച മന്ത്രിമാരുടെ പേരു വിവരം | സന്ദർശന തീയതി | സന്ദർശിച്ച വിദേശ രാജ്യം | ഔദ്യോഗികം/ സ്വകാര്യം |
|---|---|---|---|---|
| 1 | ശ്രീ. പിണറായി വിജയൻ | 21/12/2016 മുതൽ 25/12/2016 വരെ | യു. എ. ഇ | ഔദ്യോഗികം |
| | | 07/02/2017 മുതൽ 11/02/2017 വരെ | ബഹറിൻ | ഔദ്യോഗികം |
| | | 04/07/2018 മുതൽ 08/07/2018 വരെ | യു.എസ്.എ | ഔദ്യോഗികം |
| | | 09/07/2018 മുതൽ 17/07/2018 വരെ | യു.എസ്.എ | സ്വകാര്യം |
| | | 02/09/2018 മുതൽ 30/09/2018 വരെ | യു.എസ്.എ | ചികിത്സാർത്ഥം |
| | | 17/10/2018 മുതൽ 21/10/2018 വരെ | യു.എ.ഇ | ഔദ്യോഗികം |
| | | 13/02/2019 മുതൽ 17/02/2019 വരെ | യു.എ.ഇ | ഔദ്യോഗികം |
| | | 09/05/2019 മുതൽ 11/05/2019 വരെ | നെതർലന്റ്സ് | ഔദ്യോഗികം |
| | | 13/05/2019 മുതൽ 15/05/2019 വരെ | സ്വിറ്റ്സർലാന്റ് | ഔദ്യോഗികം |
| | | 16/05/2019 | ഫ്രാൻസ് | ഔദ്യോഗികം |
| | | 17/05/2019 | യു.കെ | ഔദ്യോഗികം |
| | | 03/10/2019 മുതൽ 05/10/2019 വരെ | യു.എ.ഇ | ഔദ്യോഗികം |
| | | 24/11/2019 മുതൽ 30/11/2019 വരെ | ജപ്പാൻ | ഔദ്യോഗികം |
| | | 30/11/2019 മുതൽ 04/12/2019 വരെ | ദക്ഷിണ കൊറിയ | ഔദ്യോഗികം |
| 2 | ശ്രീ. എ.കെ. ബാലൻ | 25/08/2016 മുതൽ 02/09/2016 വരെ | നെതർലന്റ്സ് ഫ്രാൻസ് | സ്വകാര്യം |
| | | 04/08/2017 മുതൽ 07/08/2017 വരെ | സിംഗപ്പൂർ | ഔദ്യോഗികം |
| | | 19/09/2017 മുതൽ 29/09/2017 വരെ | യു.കെ, യു.എ.ഇ, ഒമാൻ | ഔദ്യോഗികം |
| | | 14/07/2019 മുതൽ 18/07/2019 വരെ | യു.എ.ഇ | ഔദ്യോഗികം |
| | | 07/11/2019 മുതൽ 10/11/2019 വരെ | സൗദി അറേബ്യ | സ്വകാര്യം |
| 3 | ശ്രീ. ഇ. ചന്ദ്രശേഖരൻ | 23/10/2019 മുതൽ 27/10/2019 വരെ | യു.എ.ഇ | സ്വകാര്യം |

| | | | | |
|---|---|---|---|---|
| 4 | ഡോ. കെ.ടി. ജലീൽ | 21/09/2017 മുതൽ 22/09/2017 വരെ | റഷ്യ | ഔദ്യോഗികം |
| | | 30/10/2018 മുതൽ 02/11/2018 വരെ | യു.എ.ഇ | സ്വകാര്യം |
| | | 3/10/2019 മുതൽ 16/10/2019 വരെ | യു.എസ്.എ | സ്വകാര്യം |
| | | 17/12/2019 മുതൽ 18/12/2019 വരെ | മാലിദ്വീപ് | ഔദ്യോഗികം |
| | | 22/01/2020 മുതൽ 25/01/2020 വരെ | യു.എ.ഇ | സ്വകാര്യം |
| 5 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | 06/11/2017 മുതൽ 08/11/2017 വരെ | യു.കെ | ഔദ്യോഗികം |
| | | 07/03/2018 മുതൽ 15/03/2018 വരെ | ജർമ്മനി, ഫ്രാൻസ്, ഇറ്റലി | ഔദ്യോഗികം |
| | | 16/03/2018 മുതൽ 18/03/2018 വരെ | വത്തിക്കാൻ | സ്വകാര്യം |
| | | 22/04/2018 മുതൽ 25/04/2018 വരെ | യു.എ.ഇ | ഔദ്യോഗികം |
| | | 03/07/2018 മുതൽ 10/07/2018 വരെ | യു.എസ്.എ | സ്വകാര്യം |
| | | 05/11/2018 മുതൽ 07/11/2018 വരെ | യു.കെ | ഔദ്യോഗികം |
| | | 23/01/2019 മുതൽ 27/01/2019 വരെ | സ്പെയിൻ | ഔദ്യോഗികം |
| | | 28/04/2019 മുതൽ 01/05/2019 വരെ | യു.എ.ഇ | ഔദ്യോഗികം |
| | | 14/02/2019 മുതൽ 16/02/2019 വരെ | യു.എ.ഇ | സ്വകാര്യം |
| | | 29/05/2019 മുതൽ 31/05/2019 വരെ | യു.എ.ഇ | സ്വകാര്യം |
| | | 18/09/2019 മുതൽ 20/09/2019 വരെ | ഖസാക്കിസ്ഥാൻ | ഔദ്യോഗികം |
| | | 03/10/2019 മുതൽ 05/10/2019 വരെ | യു.എ.ഇ | ഔദ്യോഗികം |
| | | 24/10/2019 മുതൽ 27/10/2019 വരെ | ജപ്പാൻ | ഔദ്യോഗികം |
| 6 | അഡ്വ. മാത്യു. ടി. തോമസ് | 04/09/2016 | വത്തിക്കാൻ | ഔദ്യോഗികം |
| 7 | ജെ. മേഴ്സികുട്ടി അമ്മ | 07/05/2017 മുതൽ 10/05/2017 വരെ | ഇന്തോനേഷ്യ | ഔദ്യോഗികം |
| | | 07/04/2018 മുതൽ 14/04/2018 വരെ | യു.എസ്.എ | ഔദ്യോഗികം |
| 8 | അഡ്വ. കെ. രാജു | 27/10/2016 മുതൽ 30/10/2016 വരെ | യു.എ.ഇ | സ്വകാര്യം |
| | | 12/05/2017 മുതൽ 14/05/2017 വരെ | യു.എ.ഇ | സ്വകാര്യം |

| | | | | |
|---|---|---|---|---|
| | | 16/08/2018 മുതൽ 20/08/2018 വരെ | ജർമ്മനി | സ്വകാര്യം |
| 9 | ശ്രീ. ടി. പി. രാമകൃഷ്ണൻ | 14/10/2017 മുതൽ 18/10/2017 വരെ | യു.എ.ഇ | ഔദ്യോഗികം |
| | | 06/11/2017 മുതൽ 09/11/2017 വരെ | സിംഗപ്പൂർ | ഔദ്യോഗികം |
| | | 24/06/2018 മുതൽ 28/06/2018 വരെ | കുവൈറ്റ്, ഖത്തർ | ഔദ്യോഗികം |
| | | 15/07/2019 മുതൽ 23/07/2019 വരെ | യു.കെ | ഔദ്യോഗികം |
| 10 | പ്രൊഫ. സി. രവീന്ദ്രനാഥ് | 04/04/2017 മുതൽ 12/04/2017 വരെ | യു.എസ്.എ | സ്വകാര്യം |
| 11 | ശ്രീ. എ. കെ. ശശീന്ദ്രൻ | 15/09/2016 മുതൽ 17/09/2016 വരെ | യു.എ.ഇ | സ്വകാര്യം |
| | | 10/11/2016 മുതൽ 12/11/2016 വരെ | ശ്രീലങ്ക | സ്വകാര്യം |
| | | 01/06/2019 മുതൽ 09/06/2019 വരെ | യു.കെ | ഔദ്യോഗികം |
| | | 26/08/2019 മുതൽ 29/08/2019 വരെ | യു.കെ | ഔദ്യോഗികം |
| | | 24/11/2019 മുതൽ 30/11/2019 വരെ | ജപ്പാൻ | ഔദ്യോഗികം |
| | | 30/11/2019 മുതൽ 04/12/2019 വരെ | ദക്ഷിണ കൊറിയ | ഔദ്യോഗികം |
| 12 | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ | 19/10/2017 മുതൽ 25/10/2017 വരെ | യു.കെ | ഔദ്യോഗികം |
| | | 26/10/2017 മുതൽ 28/10/2017 വരെ | യു.എ.ഇ | സ്വകാര്യം |
| | | 23/11/2017 മുതൽ 25/11/2017 വരെ | തായ്ലന്റ്, ശ്രീലങ്ക | ഔദ്യോഗികം |
| | | 04/07/2018 മുതൽ 17/07/2018 വരെ | യു.എസ്.എ | സ്വകാര്യം |
| | | 21/01/2019 മുതൽ 22/01/2019 വരെ | യു.എ.ഇ | ഔദ്യോഗികം |
| | | 22/11/2019 മുതൽ 01/12/2019 വരെ | സ്വിറ്റ്സർലന്റ്, അയർലന്റ്, മോൾഡോവ | ഔദ്യോഗികം |
| 13 | ശ്രീ. ജി. സുധാകരൻ | 30/11/2017 മുതൽ 04/12/2017 വരെ | ഖത്തർ | സ്വകാര്യം |
| | | 03/11/2018 മുതൽ 06/11/2018 വരെ | യു.എ.ഇ | സ്വകാര്യം |
| 14 | അഡ്വ. വി.എസ്. സുനിൽ കുമാർ | 31/08/2016 മുതൽ 02/09/2016 വരെ | യു.എ.ഇ | സ്വകാര്യം |
| | | 10/11/2016 മുതൽ 12/11/2016 വരെ | ശ്രീലങ്ക | സ്വകാര്യം |
| | | 11/02/2017 മുതൽ 16/02/2017 വരെ | ഇറ്റലി | സ്വകാര്യം |

| | | | | |
|---|---|---|---|---|
| | | 24/08/2017 മുതൽ 30/08/2017 വരെ | യു.എസ്.എ | സ്വകാര്യം |
| | | 18/10/2017 മുതൽ 22/10/2017 വരെ | ഒമാൻ | സ്വകാര്യം |
| | | 29/11/2019 | യു.എ.ഇ | സ്വകാര്യം |
| 15 | ഡോ. ടി.എം. തോമസ് ഐസക്ക് | 09/08/2016 മുതൽ 19/08/2016 വരെ | യു.എ.ഇ & യു.എസ്.എ | സ്വകാര്യം |
| | | 04/09/2016 | വത്തിക്കാൻ | ഔദ്യോഗികം |
| | | 29/03/2017 മുതൽ 30/03/2017 വരെ | യു.എ.ഇ | സ്വകാര്യം |
| | | 17/05/2019 | യു. കെ | ഔദ്യോഗികം |
| | | 26/09/2019 മുതൽ 29/09/2019 വരെ | യു.എ.ഇ | ഔദ്യോഗികം |
| 16 | ശ്രീ. തോമസ് ചാണ്ടി | 30/05/2017 മുതൽ 13/06/2017 വരെ | കുവൈറ്റ് | സ്വകാര്യം |
| 17 | ശ്രീ. ഇ.പി. ജയരാജൻ | 18/09/2019 മുതൽ 23/09/2019 വരെ | യു.എ.ഇ | ഔദ്യോഗികം |
| | | 25/09/2019 മുതൽ 28/09/2019 വരെ | നേപ്പാൾ | ഔദ്യോഗികം |
| | | 03/10/2019 മുതൽ 05/10/2019 വരെ | യു.എ.ഇ | ഔദ്യോഗികം |
| | | 11/10/2019 മുതൽ 14/10/2019 വരെ | യു.എസ്.എ | സ്വകാര്യം |
| | | 24/11/2019 മുതൽ 30/11/2019 വരെ | ജപ്പാൻ | ഔദ്യോഗികം |
| | | 30/11/2019 മുതൽ 04/12/2019 വരെ | ദക്ഷിണ കൊറിയ | ഔദ്യോഗികം |
| | | 06/12/2019 മുതൽ 10/12/2019 വരെ | ഖത്തർ | ഔദ്യോഗികം |

**അനുബന്ധം-2**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3034-ന്റെ മറുപടിക്ക് അനുബന്ധം**

സംസ്ഥാനത്തിന്റെ സമഗ്രമായ വികസനത്തിനുതകുന്ന രീതിയിൽ വിവിധ മേഖലകളിൽ മെച്ചപ്പെട്ട പുരോഗതി കൈവരിച്ച രാജ്യങ്ങൾ സന്ദർശിച്ച് പ്രസ്തുത മാതൃകകൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന് പൊതുവിൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഔദ്യോഗിക വിദേശയാത്രകൾ സഹായകമായിട്ടുണ്ട്. കൂടാതെ വിദേശ മലയാളി സംഘടനകളുമായും ഊഷ്മളമായ ബന്ധം നിലനിർത്തുന്നതിനും പ്രസ്തുത യാത്ര നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ യൂറോപ്പ് യാത്രയിൽ പുഷ്പകൃഷി വികസനം, സമുദ്ര ജലനിരപ്പിന് താഴെയുള്ള കൃഷി, വാഴപ്പഴത്തിന്റെ കയറ്റുമതിക്ക് സഹായകമായി Shelf Life വർദ്ധിപ്പിക്കൽ, വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ നൂതന മാതൃക അവലംബിക്കൽ, ഡച്ച് പുരാവസ്തുരേഖകൾ ഡിജിറ്റൈസ് ചെയ്തു സൂക്ഷിക്കുക എന്നീ വിഷയങ്ങളിൽ അതത് മേഖലകളിലെ വിദഗ്ദരുമായി ചർച്ചകൾ നടത്തുകയുണ്ടായി. 2019 ഒക്ടോബർ 17,18 തീയതികളിൽ നെതർലാൻഡ്സ് രാഷ്ട്രത്തലവൻ വില്യം അലക്സാണ്ടർ രാജാവ് കേരളം സന്ദർശിച്ച വേളയിൽ നെതർലാൻഡ്സ് നാഷണൽ ആർക്കൈവ്സും സംസ്ഥാന സർക്കാരും തമ്മിൽ സാംസ്കാരിക പൈതൃക പങ്കാളിത്ത വിനിമയ പദ്ധതി സംബന്ധിച്ച ധാരണാപത്രം ഒപ്പു വയ്ക്കുകയുണ്ടായി. സംസ്ഥാന പുരാരേഖാ വകുപ്പ് സൂക്ഷിച്ചിട്ടുള്ള ഡച്ച് രേഖകളുടെ ഡിജിറ്റൽ പകർപ്പ്, നെതർലാൻറ്സ് നാഷണൽ ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള കേരളത്തെ സംബന്ധിച്ച രേഖകളുടെ ഡിജിറ്റൽ പകർപ്പ് എന്നിവ പരസ്പരം കൈമാറുന്നതിനും ഡിജിറ്റൈസേഷൻ നടത്തിയ രേഖകൾ ഓൺലൈനായി പ്രസിദ്ധപ്പെടുത്തുന്നതിനും റിക്കാർഡുകളുടെ ശാസ്ത്രീയ പരിപാലനം, സംരക്ഷണം എന്നീ വിഷയങ്ങളിൽ പരസ്പര സഹകരണത്തിൽ ഏർപ്പെടുന്നതിനും ധാരണയായി. കൂടാതെ സംസ്ഥാന പുരാരേഖാ വകുപ്പിലെ രണ്ട് ഉദ്യോഗസ്ഥർക്ക് നെതർലാൻറ്സ് നാഷണൽ ആർക്കൈവ്സിൽ വച്ച് പരിശീലനം നൽകുന്നതിനും ധാരണയായി.സംസ്ഥാന ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ജപ്പാൻ കമ്പനിയായ M/s തോഷിബയുടെ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഇലക്ട്രിക് വാഹനങ്ങളിൽ ടൈറ്റനേറ്റ് ഓക്സൈഡ് ബാറ്ററികൾ സ്ഥാപിക്കാനും ഇത്തരം ബാറ്ററി പാക്കേജ് യൂണിറ്റുകളും M/s ടോയോട്ട കോർപ്പറേഷന്റെ ഹൈഡ്രജൻ ഫ്യൂവൽ സെൽ നിർമ്മാണ യൂണിറ്റുകളും സംസ്ഥാനത്ത് ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ ഫലപ്രദമായ ദിശയിൽ പുരോഗമിക്കുന്നു.

വിദേശമലയാളികളിൽ മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രചാരണത്തിനായി വിദേശരാജ്യങ്ങളിൽ പ്രത്യേകം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി അതോടൊപ്പം തന്നെ പെട്രോളിയം, ഹോസ്പിറ്റാലിറ്റി മേഖലകളിൽ പരിശീലനം നേടിയ പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ഉറപ്പാക്കുന്നതിന് അവിടങ്ങളിലെ തൊഴിൽദാതാക്കളുമായുള്ള ചർച്ച പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമ നിയമ സാംസ്കാരിക പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ വിദേശ സന്ദർശന വേളയിൽ നടത്തിയിട്ടുണ്ട്.

കേരളത്തിലെ വിനോദസഞ്ചാര വ്യവസായത്തിൽ വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ വിനോദസഞ്ചാര വകുപ്പ് വിവിധ രാജ്യങ്ങളിൽ നേരിട്ട് സംഘടിപ്പിച്ച വ്യാപാര മീറ്റുകളിലും വിവിധ രാജ്യങ്ങൾ സംഘടിപ്പിക്കുന്ന അന്തർദേശീയ മേളകളിലും പങ്കെടുത്ത് അതത് രാജ്യങ്ങളിലെ ടൂർ ഓപ്പറേറ്റർമാരുമായി ബിസിനസ് മീറ്റിംഗുകൾ നടത്തി കേരള ടൂറിസത്തെ പുറം നാടുകളിൽ പരിചയപ്പെടുത്തുകയും അത് വഴി കൂടുതൽ വിദേശസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും ടൂറിസം വകുപ്പ് മന്ത്രിയുടെ വിദേശയാത്രകൾ ഉപയോഗപ്പെട്ടിട്ടുണ്ട്. വിദേശിയരായ വിനോദസഞ്ചാരികളുടെ വർദ്ധനവിനനുസരിച്ച് കേരളത്തിലെ ടൂറിസം മേഖലയിൽ തൊഴിൽ അവസരങ്ങൾ വർദ്ധിച്ച് വരുന്നതായി കണക്കാക്കാവുന്നതാണ്.

ജക്കാർത്തയിൽ നടന്ന ഇന്ത്യൻ ഓഷ്യൻ റിം അസോസിയേഷൻ ഇന്റർനാഷണൽ ബ്ലൂ ഇക്കോണമി മിനിസ്റ്റേഴ്സ് കോൺഫറൻസിൽ ഫിഷറീസ് വകുപ്പ് മന്ത്രി പങ്കെടുത്തതിനെത്തുടർന്ന് ഇന്ത്യൻ മഹാസമുദ്രവുമായി ചേർന്നു കിടക്കുന്ന ഇരുപതിലധികം രാജ്യങ്ങളുടെ പ്രതിനിധികളുമായി ചർച്ച നടത്തുവാനും മൽസ്യബന്ധനം, ശീതീകരണ പ്രക്രിയ, വിപണനസമ്പ്രദായങ്ങൾ, മെച്ചപ്പെട്ട തൊഴിൽ-സേവന വ്യവസ്ഥകൾ, സുരക്ഷ, കടലിലെ പ്ലാസ്റ്റിക് നിർമ്മാർജ്ജനം, ആധുനിക ബോട്ട് നിർമ്മാണ സാങ്കേതിക വിദ്യകൾ, രാജ്യാന്തര തലത്തിലുള്ള ആഴക്കടൽ മൽസ്യബന്ധനം മുതലായ വിഷയങ്ങളെപ്പറ്റി മനസ്സിലാക്കുവാനും ആയത് ഒരു പരിധിവരെ കേരളത്തിൽ നടപ്പിലാക്കുവാനും സാധിച്ചിട്ടുണ്ട്. പ്രസ്തുത സന്ദർശനത്തിനു ശേഷം മൽസ്യ മാർക്കറ്റുകൾ അന്തർദേശീയ നിലവാരത്തിൽ മാതൃകാപരമായി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും സമയബന്ധിതമായി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. കേരള മോഡൽ വികസന പ്രവർത്തനങ്ങൾ ലോകത്തിന് മുമ്പാകെ അവതരിപ്പിക്കുകയും ചെയ്യുക വഴി മന്ത്രിക്ക് യുണൈറ്റഡ് നേഷൺസ് അക്കാദമിക്ക് ഇംപാക്ട് കോൺഫറൻസിൽ പങ്കെടുക്കാൻ അവസരം ലഭിക്കുകയും ചെയ്തു.

അബുദാബിയിൽ സംഘടിപ്പിച്ച വേൾഡ് സ്കിൽ കോംപറ്റീഷൻ പരിപാടിയിൽ തൊഴിലും എക്സൈസും വകുപ്പ് മന്ത്രി പങ്കെടുക്കുകയും കേരളത്തിലെ നൈപുണ്യ മാനവശേഷി ജി.സി.സി രാജ്യങ്ങൾക്ക് മുമ്പാകെ പരിചയപ്പെടുത്തുന്നതിനും യു.എ.യിലെ കമ്പനികൾക്കാവശ്യമായ തൊഴിൽ സാധ്യതകൾ നിറവേറ്റുന്നതിനായി കേരളത്തിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത കമ്പനികളെ ക്ഷണിക്കുന്നതിനും സംസ്ഥാനത്തിലെ വ്യാപാര അവസരങ്ങളെ സംബന്ധിച്ച് വിദേശ കമ്പനികളെയും വ്യവസായങ്ങളെയും പരിചയപ്പെടുത്തുന്നതിനും ഉതകുന്നതായിരുന്നു പ്രസ്തുത യാത്രകൾ. സംസ്ഥാനത്തിലെ പത്ത് ഐ.ടി.ഐകൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സിംഗപ്പൂരിലെ അന്തർദേശീയ നിലവാരമുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേരിട്ട് കണ്ട് വിലയിരുത്തുന്നതിനായി മന്ത്രി പ്രസ്തുത രാജ്യം സന്ദർശിച്ചിട്ടുണ്ട്. യു.കെയിലെ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളിൽ കേരളത്തിൽ നിന്നുള്ള നേഴ്സുമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് യു.കെ നാഷണൽ ഹെൽത്ത് സർവ്വീസിന്റെ അനുബന്ധ സ്ഥാപനമായ ഹെൽത്ത് എഡ്യുക്കേഷൻ ഇംഗ്ലണ്ടുമായി കരാർ ഒപ്പിടുന്നതിനു വേണ്ടി മന്ത്രി യു.കെ സന്ദർശിക്കുകയുണ്ടായി. അതോടൊപ്പം തന്നെ കേരളത്തിലെ നേഴ്സുമാർക്ക് യു.എ.ഇയിൽ തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനും തൊഴിൽ വകുപ്പ് മന്ത്രിയുടെ വിദേശയാത്രകൾ ഫലം കണ്ടിട്ടുണ്ട്.

കിഫ്ബിയുടെ മസാലബോണ്ടിന്റെ ലോഞ്ചിംങ് ചടങ്ങിൽ പങ്കെടുക്കുന്നതിനും കെ.എസ്.എഫ്.ഇയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രവാസി ചിട്ടിയുടെ പ്രചരണത്തിനും ഗൾഫ് രാജ്യങ്ങളിലെ എക്സേഞ്ചുകൾ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ചർച്ചകൾ നടത്തുന്നതിനും വേണ്ടിയുള്ളവയായിരുന്നു ധനകാര്യ വകുപ്പ് മന്ത്രിയുടെ വിദേശയാത്രകൾ. മസാലബോണ്ടിന്റെ ഭാഗമായി 2150 കോടി രൂപയുടെ (01.02.2020 വരെ) വിദേശ നിക്ഷേപം ലഭിച്ചിട്ടുണ്ട്.

വായുമലിനീകരണം ലഘൂകരിച്ചുകൊണ്ട് നോട്ടിംഹാം സിറ്റിക്കു സമാനമായി സംസ്ഥാനത്തെ മെട്രോപോളിറ്റൻ നഗരങ്ങളിൽ ഇലക്ട്രിക് വാഹനഗതാഗതം നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിന് ഗതാഗത വകുപ്പ് മന്ത്രിയുടെ ലണ്ടൻ യാത്ര ഉപയോഗപ്രദമായി. അതോടൊപ്പം തന്നെ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ റോഡ് സുരക്ഷ ക്രമീകരണങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ലണ്ടൻ ട്രാൻസ്പോർട്ട് റിസർച്ച് സൊസൈറ്റിയുടെ സഹായം തേടുകയുണ്ടായി. തിരുവനന്തപുരത്തെ ശ്രീ ചിത്തിരതിരുനാൾ എഞ്ചിനീയറിംഗ് കോളേജിന് ബർമ്മിംഗ്ഹാം സർവ്വകലാശാലയുടെ ഫാക്കൽട്ടി & സ്റ്റുഡൻസ് എക്സേഞ്ച് പരിപാടിയിൽ ഉൾപ്പെടുത്തുന്നതിന് ധാരണയായി. അൾട്രാ ലോ എമിഷൻ എനർജിയുമായി ബന്ധപ്പെട്ട് പരസ്പര ധാരണയോടുള്ള

ഗവേഷണത്തിന് ഏർപ്പെടുന്നതിനും ഫ്യൂച്ചർ മൊബിലിറ്റിക്കുള്ള മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനും പ്രാരംഭ നടപടികൾ ആയിട്ടുണ്ട്. പ്രസ്തുത സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ 2019 ജൂൺ 29, 30 തീയതികളിൽ കൊച്ചിയിൽ ഇ.വി. എക്സ്പോ സംഘടിപ്പിക്കുകയുണ്ടായി. ഇ-വാഹനങ്ങൾ ഉപയോഗിക്കുന്ന ബാറ്ററികൾ സംബന്ധിച്ച് തോഷിബ കമ്പനിയുമായി ചർച്ചകൾ നടത്തുന്നതിന് മന്ത്രിയുടെ ജപ്പാൻ യാത്ര പ്രയോജനപ്പെട്ടു.

| മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും നടത്തിയ വിദേശ യാത്രകളുമായി ബന്ധപ്പെട്ട് യാത്രാ ചെലവിനത്തിൽ സർക്കാർ പ്രതിപൂരണം ചെയ്തു നൽകിയ തുകയുടെ വിശദാംശങ്ങൾ | | |
|---|---|---|
| ക്രമ നമ്പർ | മന്ത്രിയുടെ പേര് | പ്രതിപൂരണം ചെയ്തു നൽകിയ തുക (രൂപയിൽ) |
| 1. | ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി | 9,65,216.00 |
| 2. | ശ്രീ. എ.കെ. ബാലൻ | 81,750.00 |
| 3. | ഡോ. കെ.ടി. ജലീൽ | 1,72,959.00 |
| 4. | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | 14,65,872.00 |
| 5. | അഡ്വ. മാത്യു. ടി. തോമസ് | 3,04,185.00 |
| 6. | ഡോ. ടി.എം. തോമസ് ഐസക്ക് | 4,00,738.00 |
| 7. | ജെ. മേഴ്സികുട്ടി അമ്മ | 2,61,162.00 |
| 8. | ശ്രീ. എ. കെ. ശശീന്ദ്രൻ | 7,09,401.00 |
| 9. | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ | 5,62,388.00 |
| 10. | ശ്രീ. ഇ.പി. ജയരാജൻ | 4,45,217.00 |